## 14

മനമേ പുകഴ്ത്തിടു നീ മഹോന്നതൻ തൻ മഹിമ

1 മരക്കുരിശതിൽ മരിപ്പാനായ് നര ജന്മമെടുത്തു
വന്ന തൻ നാമം മനോഹരം -ആഹാ! തൻ നാമം മനോഹരം
മഹാത്ഭുതം തൻ പ്രേമം -

2 ബഹു വിപത്തുകളെഴും ഭൂവിൽ സ്നേഹകൈകൾ നീട്ടിയെന്നെ
താങ്ങും തൻ നാമം മനോഹരം -ആഹാ! തൻ നാമം മനോഹരം
മഹാത്ഭുതം തൻ പ്രേമം -

3 പല കുറവുകൾ വന്നാലും -എന്നെ തള്ളാതെ കൃപയാൽ
കാക്കും തൻ നാമം മനോഹരം -ആഹാ! തൻ നാമം മനോഹരം
മഹാത്ഭുതം തൻ പ്രേമം -

4 ഒരു നിമിഷവും തളരാതെ-തിരു മാർവ്വിൽ വിശ്രാമം
തേടൂ, തൻ നാമം മനോഹരം -ആഹാ! തൻ നാമം മനോഹരം
മഹാത്ഭുതം തൻ പ്രേമം -

**M.E.C**